പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1083

05/03/2020-ൽ മറുപടിയ്ക്ക്

**ഉദുമ നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ**

| **ചോദ്യം**<br>**ശ്രീ.കെ.കുഞ്ഞിരാമൻ** | **മറുപടി**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഉദുമ നിയോജക മണ്ഡലത്തിലെ ജി.എച്ച്. എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകൾക്ക് കിഫ്ബി മൂന്ന് കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്.പി.വി. നിലവിൽ ആരാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) മേൽ പ്രവൃത്തികളുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;<br><br>(ഡി) ഈ പ്രവൃത്തികൾ എന്ന് ടെൻഡർ ചെയ്യാനാവുമെന്ന് വിശദമാക്കാമോ? | (ബി), (സി) & (ഡി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ എസ്.പി.വി ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്. എസ്. ഉദുമ എന്നീ സ്കൂളുകളുടെ DPR കൈറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വിയെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവർത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Namitha.P

**സെക്ഷൻ ഓഫീസർ**